<u>**രജിസ്റ്റേർഡ് (എഡി സഹിതം)**</u>

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

836

---

DHS/4836 /2025-EA4 തീയതി. 16-03-2026

<u>**കാരണം കാണിക്കൽ നോട്ടീസ്**</u>

വിഷയം: ആരോഗ്യവകുപ്പ്- ഡോ അഞ്ജു ബേബി, അസിസ്റ്റന്റ് സർജൻ അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിന്നതിന് ശേഷം സർവ്വീസിൽ പുന പ്രവേശിക്കുന്നതിന് അനുമതി നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാത്തത്- തുടർ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്.

പരാമർശം: 1 നം എ1/5435/2020/ജിമെആ കാസർഗോഡ് തീയതി 24.04.2020

2. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 28112/20/ആവഡ തീയതി 26.05.2020

3. ഡോ അഞ്ജു ബേബി സമർപ്പിച്ച അപേക്ഷ

4.. സ ഉ (അച്ചടി) നം 55/2020/ആകുവ തീയതി 16.09.2020

5. സ ഉ (സാധാ) നം 432/2025/ആകുവ തീയതി 14.02.2025

6. കത്ത് നം DHS/4836/2025-EA4 തീയതി. 02.03.2025

7. ഉത്തരവ് നം. EA2-5997/2025/DHS തീയതി:05-03-2025

8. DMOH-KSD/360(1)/2025-A1 തീയതി 11.08.2025

കാസർഗോഡ് മംഗൽപാടി താലൂക്കാസ്ഥാന ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരുന്ന ഡോ അഞ്ജു ബേബി (Dr Anju Baby PEN 889633),11.04.2020 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന വിവരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് സൂചന (4) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ

വ്യവസ്ഥകൾ പ്രകാരം ബോണ്ട് സഹിതം ടിയാൾ അപേക്ഷ സമർപ്പിച്ചതിനാൽ ടി ഉത്തരവിലെ വ്യവസ്ഥകൾക്കും അച്ചടക്ക നടപടിയുടെ തീർപ്പിനും വിധേയമായി ടിയാളെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് അനുമതി നൽകി സൂചന (5) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് സൂചന (6) പ്രകാരം ടിയാൾക്ക് കൈമാറിയിരുന്നു. സൂചന (7) പ്രകാരം അച്ചടക്ക നടപടി നിലനിർത്തി കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഡോ അഞ്ജു ബേബിയ്ക്ക് പുനർനിയമന ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഡോ അഞ്ജു ബേബി നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. 27.03.2020 ന് സേവനത്തിൽ പ്രവേശിച്ച ഡോ അഞ്ജു ബേബി പ്രൊബേഷണർ ആണ്. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും സൂചന (4) ലെ വ്യവസ്ഥകൾ പാലിക്കാമെന്ന ബോണ്ട് സമർപ്പിക്കുകയും ചെയ്തതിനാൽ പുനർ നിയമനം നൽകിയിട്ടും നിയമനാധികാരിയുടെ നിർദ്ദേശം പാലിക്കുന്നതിന് ഡോ അഞ്ജു ബേബി തയ്യാറായിട്ടില്ല. ആയതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയാത്തതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

(2) ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള താത്കാലിക തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
Reena K J
Date: 16-03-2026
16:26:55

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Anju Baby,,**

**Lamannil, Manipuzha, Erumely, Kottayam, Venkurinji- 686510**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കാസർഗോഡ്.

3. സൂപ്രണ്ട്,
താലൂക്കാശുപത്രി മംഗൽ പാടി / ജനറൽ ആശുപത്രി, കാസർഗോഡ്.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. ഫയൽ